"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - കോട്ടയം ജില്ലയിലെ പുതുപ്പള്ളി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ ഒ.പി. പുതുപ്പള്ളി ബസ്റ്റാൻഡ് ബിൽഡിംഗിന്റെ രണ്ടാം നിലയിൽ സ്ഥിതിചെയ്യുന്ന 7/265(എ) നമ്പർ മുറിയിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**342/2026/AYUSH** തീയതി,തിരുവനന്തപുരം, **01-07-2026**

---

പരാമർശം:- 1. **30/03/2024**-ലെ സി**2/32/2022**-ആയുഷ് നമ്പർ പരിപത്രം.

2. ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ **16/05/2025, 04/08/2025, 08/12/2025** എന്നീ തീയതികളിലെ **DHTVM/506/2025-P2** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പുതുപ്പള്ളി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ ഒ.പി. ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ തീരുമാനം, ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്, സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം **(2)** പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പെരിഫറൽ ഒ.പി. ആരംഭിക്കുന്നതിലൂടെ മരുന്ന്, മാനവവിഭവശേഷി, ഉപകരണങ്ങൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവയിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ലെന്ന് ഹോമിയോപ്പതി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2)** പുതുപ്പള്ളി സർക്കാർ ഹോമിയോ ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം കുന്നിൻ മുകളിലായതിനാൽ വയോജനങ്ങൾക്കും രോഗികൾക്കും കൈക്കുഞ്ഞുങ്ങളുമായി എത്തുന്ന സ്ത്രീകൾക്കും സ്ഥാപനത്തിലെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യമുണ്ട്. കൂടാതെ, രോഗികൾക്ക് അധിക യാത്രാചെലവ് വഹിക്കേണ്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രോഗികൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലമായ പുതുപ്പള്ളി ബസ് സ്റ്റാൻഡ് ബിൽഡിംഗിന്റെ രണ്ടാം നിലയിൽ സ്ഥിതിചെയ്യുന്ന **7/265**(എ) നമ്പർ മുറിയിൽ പെരിഫറൽ ഒ.പി. ആരംഭിക്കുന്നതിനുള്ള അനുമതി ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പുതുപ്പള്ളി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ

ഒ.പി. പുതുപ്പള്ളി ബസ്റ്റാൻഡ് ബിൽഡിംഗിന്റെ രണ്ടാം നിലയിൽ സ്ഥിതിചെയ്യുന്ന 7/265(എ) നമ്പർ മുറിയിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന്, പരാമർശം (1) പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VIJAIRAJ J**

ജോയിന്റ് സെക്രട്ടറി

1) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം
2) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം
3) സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6) കരുതൽ ഫയൽ (ഫയൽ നം.AYU-C2/94/2024-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 04-07-2026 17:02:04

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്